ട്രാൻസ്പോർട്ട്
കമ്മീഷണറേറ്റ്
തിരുവനന്തപുരം

നമ്പർ. ബി1/47928/2017/റ്റി സി

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,*
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയതി. 22/12/2017.

## സർക്കുലർ - 17/2017

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — തെലുങ്കാന സംസ്ഥാനത്തിൽ നിന്നും കേരളത്തിലേയ്ക്ക് പ്രവേശിക്കുന്ന കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളുടെ നികുതി - സംബന്ധിച്ച്.

സൂചന :-
1 23/11/1991 ലെ ജി.ഒ.പി നമ്പർ 82/91/പി ഡബ്ല്യയു & റ്റി എന്ന സർക്കാർ ഉത്തരവ്.
2 09/12/1991 ലെ സർക്കുലർ 26/91.
3 27/03/1996 ലെ ബി1/15055/റ്റിസി/95 നമ്പർ കത്ത്.

സൂചന 1 പ്രകാരമുള്ള സർക്കാർ ഉത്തരവിൽ കേരളത്തിൽ രജിസ്റ്റർ ചെയ്യുതും മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 88 (8) പ്രകരം സ്പെഷ്യൽ പെർമിറ്റ് എടുത്ത് അന്യസംസ്ഥാനത്തേയ്ക്ക് പ്രവേശിക്കുന്നതുമായ കോൺട്രാക്ട് ക്യാരേജ് വാഹനങ്ങൾക്ക് ഏതെങ്കിലും സംസ്ഥാനം നികുതി ഇളവ് കൊടുക്കുകയാണെങ്കിൽ ടി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ഇത്തരം വാഹനങ്ങൾക്കും കേരളത്തിൽ നികുതി ഇളവ് നൽകുന്നതാണ് എന്ന് പ്രതിപാദിക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആന്ധ്രാപ്രദേശിൽ രജിസ്റ്റർ ചെയ്ത മേൽത്തരം വാഹനങ്ങൾക്ക് കേരളം നികുതി ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ആന്ധ്രാപ്രദേശ് വിഭജിച്ച് തെലുങ്കാന സംസ്ഥാനം നിലവിൽ വന്നശേഷം കേരളത്തിൽ രജിസ്റ്റർ ചെയ്ത് സ്പെഷ്യൽ പെർമിറ്റ് എടുത്ത് തെലുങ്കാനയിലേയ്ക്ക് പ്രവേശിക്കുന്ന കോൺട്രാക്ട് ക്യാരേജ് വാഹനങ്ങൾക്ക് തെലുങ്കാന മോട്ടോർ വാഹന വകുപ്പ് നികുതി ഈടാക്കുന്നതായി നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിനാൽ തെലുങ്കാന സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് സ്പെഷ്യൽ പെർമിറ്റ് എടുത്തശേഷം കേരളത്തിലേയ്ക്ക് പ്രവേശിക്കുന്ന മേൽത്തരം വാഹനങ്ങളിൽ നിന്നും കേരള മോട്ടോർ വാഹന ടാക്സേഷൻ നിയമത്തിലെ സെക്ഷൻ 3 (5) അനുസരിച്ചുള്ള നികുതി ഈടാക്കേണ്ടതാണ്. എന്നാൽ ആന്ധ്രാപ്രദേശിൽ രജിസ്റ്റർ ചെയ്ത ഇത്തരം വാഹനങ്ങൾക്ക് നികുതി ഇളവ് തുടർന്നും നൽകേണ്ടതാണ്. മാത്രമല്ല കേരളം നികുതി ഇളവ്

നൽകിയിട്ടുള്ള ഏതെങ്കിലും സംസ്ഥാനം കേരള വാഹനങ്ങൾക്ക് നികുതി ഈടാക്കുകയാണെങ്കിൽ പ്രസ്തുത വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്,

1). എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
2). എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും /ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും.
3). മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ചെക്ക്പോസ്റ്റ്.
4). ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ & സെക്രട്ടറി എസ് റ്റി എ / സി എ ടു ട്രാൻസ്പോർട്ട് കമ്മീഷണർ / ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) / സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ട്രാക്സേഷൻ)/ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ ലോ ഓഫീസർ / സീനിയർ ഫിനാൻസ് ഓഫീസർ / ഹെഡ് ഓഫീസിലെ മറ്റ് എല്ലാ ഓഫീസർമാർക്കും.
5). എസ്.എസ്.ജി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6). ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ.

അംഗീകാരത്തോടെ,

29/12/17

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സ്)

യു.എൻ